**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1780 — 08/06/2018 ൽ മറുപടിക്ക്

**രാഷ്ട്രീയ പാർട്ടികളുടെ ഓഫീസുകൾക്കുള്ള നികുതി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ആന്റണി ജോൺ** | **ഡോ.കെ.ടി. ജലീൽ**<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| എ) | വിവിധ രാഷ്ട്രീയ പാർട്ടികളുടെ ആസ്ഥാന മന്ദിരങ്ങൾക്ക് നിലവിൽ, ഓഫീസ് / കൊമേഴ്സ്യൽ കെട്ടിടങ്ങളായി കണക്കാക്കി ചതുരശ്രമീറ്ററിന് 50/-, 60/- രൂപാ നിരക്കിൽ വലിയ തുക നികുതി ചുമത്തിയിട്ടുള്ള നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) രാഷ്ട്രീയ പാർട്ടികളുടെ ആസ്ഥാന മന്ദിരങ്ങളെ ഓഫീസ് ഉപയോഗത്തിനുള്ള കെട്ടിടങ്ങളുടെ ഗണത്തിൽപ്പെടുത്തിയാണ് നികുതി ചുമത്തി വരുന്നത്. ഓഫീസ് ഉപയോഗത്തിനുള്ള കെട്ടിടങ്ങൾക്ക് മുനിസിപ്പൽ പരിധിയിൽ ഏറ്റവും കുറഞ്ഞ നിരക്ക് 40/- രൂപയും ഏറ്റവും കൂടിയ നിരക്ക് 70/- രൂപയുമാണ്. എന്നാൽ മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിൽ ആയത് യഥാക്രമം 60/- രൂപയും 90/- രൂപയുമാണ്. ടി നികുതി നിരക്കിന് വിധേയമായി നഗരസഭ കൗൺസിൽ അംഗീകരിക്കുന്ന നിരക്കിലാണ് ഓഫീസ് കെട്ടിടങ്ങൾക്ക് നിലവിൽ നികുതി നിശ്ചയിക്കുന്നത്. |
| ബി) | രാഷ്ട്രീയ പാർട്ടികളുടെ ഓഫീസ് പൊതുജന സേവനകേന്ദ്രങ്ങൾ എന്ന നിലയിൽ പരിഗണിച്ചോ പാർപ്പിട ആവശ്യത്തിനുള്ള കെട്ടിടങ്ങളായി പരിഗണിച്ചോ നിലവിലുള്ള വർദ്ധിത നികുതി നിരക്ക് കുറയ്ക്കുവാൻ നടപടി സ്വീകരിക്കുമോ; | ബി) & സി) ഇപ്പോൾ പരിഗണനയിലില്ല. |
| സി) | ഇല്ലെങ്കിൽ കെട്ടിടനികുതി ചട്ടം ഭേദഗതി ചെയ്ത് രാഷ്ട്രീയ പാർട്ടികളുടെ ഓഫീസുകളെ പ്രത്യേകമായി കണക്കാക്കി, കുറഞ്ഞ കെട്ടിടനികുതി നിരക്ക് നിശ്ചയിച്ച് നിലവിലുള്ള പ്രശ്നം പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ